**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1743** **11-10-2024 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിൽ നിലവിലുള്ള പ്രോജക്ട് മോഡ് കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പ്രോജക്ട് മോഡ് രീതിയിലുള്ള ഏതെല്ലാം കോഴ്സുകളാണ് സംസ്ഥാനത്തെ സർവ്വകലാശാല പഠനവകുപ്പുകളിൽ നിലവിലുള്ളതെന്നും ഏത് അധ്യയന വർഷം മുതലാണ് പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കോഴ്സുകളിലേക്ക് കരാർ വ്യവസ്ഥയിൽ അധ്യാപക നിയമനം നടത്തുന്നതിന് സർവ്വകലാശാലകൾ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ നമ്പർ, തീയതി, ഓരോ കോഴ്സിലേയും ഒഴിവുകളുടെ എണ്ണം തുടങ്ങിയ വിശദാംശം അവയുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു |
| (സി) | പ്രസ്തുത വിജ്ഞാപന പ്രകാരം ഓരോ കോഴ്സിലെയും അധ്യാപക നിയമനത്തിന് ആകെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും, അഭിമുഖത്തിന് പങ്കെടുത്തവരുടെ എണ്ണവും, നിയമനത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണവും കോഴ്സ് അടിസ്ഥാനത്തിൽ പ്രത്യേകം ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു |
| (ഡി) | പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് എഴുത്തു പരീക്ഷ/പ്രായോഗിക പരീക്ഷ നടത്തിയിരുന്നോയെന്നും അവയുടെ മാർക്കുകൾ പ്രസിദ്ധീകരിച്ചിരുന്നോയെന്നും സെലക്ഷന് ഔദ്യോഗികമായി അംഗീകരിച്ച കട്ട് ഓഫ് മാർക്ക് എത്രയായിരുന്നുവെന്നും വിശദമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു |
| (ഇ) | സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നെന്നും സെലക്ഷൻ കമ്മിറ്റി യോഗങ്ങൾ, അഭിമുഖം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ സിറ്റിംഗുകളിൽ പങ്കെടുത്ത വകയിൽ ഓരോ സെലക്ഷൻ കമ്മിറ്റി അംഗത്തിനും യാത്ര ബത്ത, സിറ്റിംഗ് ഫീ, മറ്റു അലവൻസുകൾ എന്നീ | (ഇ) | വിവരം ശേഖരിച്ചുവരുന്നു |

| | | | |
|---|---|---|---|
| | ഇനങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശവും പ്രത്യേകം ലഭ്യമാക്കാമോ; | | |
| (എഫ്) | പ്രോജക്ട് മോഡ് കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ തുടങ്ങിയവയുടെ എണ്ണം, വില, മോഡൽ, സ്പെസിഫിക്കേഷൻ എന്നിവ ലഭ്യമാക്കാമോ; പ്രസ്തുത ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ തുടങ്ങിയവയുടെ സ്പെസിഫിക്കേഷൻ നല്കിയ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി എന്നീ വിവരങ്ങളും ലഭ്യമാക്കാമോ? | (എഫ്) | വിവരം ശേഖരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം -I

## കേരള സർവകലാശാല

| വിഭാഗം | കോഴ്സ് | അധ്യയന വർഷം |
|---|---|---|
| Chemistry | M.Sc. Chemistry (Functional Materials) | 2023-24 |
| Computer Science | M.Sc. Computer Science with Specialisation in Machine Learning | 2023-24 |

## മഹാത്മാഗാന്ധി സർവകലാശാല

| പ്രോഗ്രാം | സർവകലാശാല പഠന വകുപ്പ് | ആരംഭിച്ച അധ്യയന വർഷം |
|---|---|---|
| എം എസ് സി അപ്ലൈഡ് ജിയോളജി | സ്കൂൾ ഓഫ് എൻവിറോൺമെന്റൽ സയൻസസ് | 2023 -2024 |
| എം എസ് സി ഫിസിക്സ് (നാനോസയൻസ് ആൻഡ് നാനോടെക്നോളജി)<br><br>എം എസ് സി കെമിസ്ട്രി (നാനോസയൻസ് ആൻഡ് നാനോടെക്നോളജി) | സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോ ടെക്നോളജി | 2023-2024 |

## കാലിക്കറ്റ് സർവകലാശാല

1. Diploma in Commercial Tissue Culture of Agri-horticulture crops (Department of Botany)
2. Diploma in Data Science and Analytics ( Department of Computer Science
3. Diploma in Digital Media Productions ( Department of Journalism & Mass Communication)

2024 - 2025 അധ്യയന വർഷം മുതൽ പ്രൊജക്റ്റ്മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാൻ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്.

## കണ്ണൂർ സർവകലാശാല

| ക്രമ നമ്പർ | കോഴ്സ് | പഠനവകുപ്പ് | ആരംഭിച്ച വർഷം |
|---|---|---|---|
| 1 | M.Sc Biostatistics | സ്റ്റാറ്റിസ്റ്റിക്കൽ സയൻസസ് പഠനവകുപ്പ് | 2023-24 |
| 2 | Post Graduate Diploma in Geo Informatics for Spatial Planning | ജോഗ്രഫി പഠനവകുപ്പ് | 2023-24 |
| 3 | Post Graduate Diploma in Cyber Security | ഐ.ടി പഠനവകുപ്പ് | ആരംഭിക്കാനിരിക്കുന്നു |

## കുസാറ്റ്

മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഉള്ള എം.എസ്.സി. മറൈൻ ജീനോമിക്സ് എന്ന പ്രോഗ്രാം 2024-2025 അക്കാദമിക് വർഷം മുതൽ നടത്തി വരുന്നു.

## <u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ഈ വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നുണ്ട്.

## <u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്</u>

സർവ്വകലാശാല നടത്തുന്ന 3year Executive LLM Project mode ൽ ആണ് നടത്തിവരുന്നത്.

## <u>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>

Project Mode scheme ൽ ഉൾപ്പെടുത്തി 2023-2024 അദ്ധ്യയന വർഷത്തിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ മൂന്ന് project mode programme- കൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. പ്രോഗ്രാമുകളുടെ പേര് ചുവടെ ചേർക്കുന്നു :

1. Multidisciplinary Dual main Masters programme in Disaster Management
2. PG Diploma Programme in Sanskrit Computational Linguistic
3. PG Diploma Programme in Active Ageing and Wellness Rehabilitation

ടി പ്രോഗ്രാമുകളിൽ PG Diploma in Active Ageing and Wellness Rehabilitation നിലവിൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർവകലാശാലയിൽ നടക്കുന്നില്ല.

സെക്ഷൻ ഓഫീസർ